നിർമ്മാണ തൊഴിലാളി ക്ഷേമനിധി

274(2743) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ തൊഴിലാളിക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തൊഴിലാളി, ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട വിഹിതം എത്രയെന്നും വിഹിതം അടയ്ക്കുന്നതിന് വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുള്ളവർക്ക് അംഗത്വം പുതുക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അത്തരക്കാർക്ക് അംഗത്വം പുനസ്ഥാപിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധിവഴി ലഭിക്കുന്നതെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 1571947 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ എണ്ണം
തിരുവനന്തപുരം	270659
കൊല്ലം	77894
പത്തനംതിട്ട	62270
ആലപ്പുഴ	73972
കോട്ടയം	69207
ഇടുക്കി	62667

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	113406
തൃശ്ശൂർ	131274
പാലക്കാട്	220933
മലപ്പുറം	179891
കോഴിക്കോട്	123642
വയനാട്	21978
കണ്ണൂർ	111767
കാസർഗോഡ്	52367

(ബി&സി) ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യുന്ന ഒരാൾ പ്രതിമാസം 20 രൂപ എന്ന ക്രമത്തിൽ അംശദായം ഒടുക്കേണ്ടതാണ്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ തുടർച്ചയായി ഒരു വർഷത്തിലധികം അംശദായ കുടിശ്ശിക വന്നാൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹനല്ലാതാകുന്നു. ഇപ്രകാരം അംഗത്വം നഷ്ടപ്പെട്ടാൽ ഒരു അംഗതൊഴിലാളിയുടെ സർവ്വീസ് കാലയളവിനുള്ളിൽ രണ്ട് പ്രാവശ്യം പ്രതിമാസം രണ്ട് രൂപ പിഴ ഒടുക്കി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നല്കിയിട്ടുണ്ട്. ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ നൽകുന്ന ഉത്തരവിൽ അപേക്ഷകന് എന്തെങ്കിലും ആക്ഷേപം ഉള്ളപക്ഷം പ്രസ്തുത ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനകം ബോർഡിന് അപ്പീൽ സമർപ്പിക്കാവുന്നതും ബോർഡിന്റെ തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്. രണ്ടിലധികം തവണ അംശദായ കുടിശ്ശിക വന്ന് അംഗത്വം നഷ്ടപ്പെട്ടവർക്ക് ഒരു അവസരംകൂടി നൽകുന്നതിന്റെ ഭാഗമായി 2016 മാർച്ച് 31 വരെ അംശദായ കുടിശ്ശിക ഒടുക്കി അംഗത്വം പുനഃസ്ഥാപിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കൾക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്നും നൽകിവരുന്ന ആനുകൂല്യങ്ങളും ഇതിനായുള്ള നടപടിക്രമങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly